LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പടെ ബാക്കിയുള്ള തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021-ലെ സ.ഉ(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമനരീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

214 (3241) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിൽ നിലനിൽക്കുന്ന ഫാർമസിസ്റ്റുകളുടെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

5 എണ്ണം.

(ബി) ആയത് നികത്തുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കാമോ എന്ന് വെളിപ്പെടുത്താമോ?

പാലക്കാട് ജില്ലാ പി.എസ്.സി.-യിൽ നിന്നും 5 പേർക്കുള്ള നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

215 (3242) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിൽ എത്ര എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത 4 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ പൂർത്തീകരിക്കുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

216 (3243) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം ജനസംഖ്യാനുപാതികമായി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായി നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പുതിയ പബ്ലിക് ഹെൽത്ത് ആക്ടിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഫൈൻ ഈടാക്കുന്നതിനും മറ്റുമുള്ള അധികാരം നൽകാത്തതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടില്ല. പുതിയ പബ്ലിക് ഹെൽത്ത് ഓർഡിനൻസിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഫൈൻ ഈടാക്കുന്നതിനുള്ള അധികാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് അതോറിറ്റിയായ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്.

(സി) ആരോഗ്യ വകുപ്പിലെ മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പുതിയ ശമ്പളപരിഷ്കരണ റിപ്പോർട്ടിൽ വർദ്ധനവ് വരുത്തിയപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിവാക്കിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഇക്കാര്യം ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽ ശമ്പളപരിഷ്കരണ അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്ന മുറയ്ക്ക് അവിടെ ഈ വിഷയം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly